# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1281** **10.08.2017 ൽ മറുപടിയ്ക്ക്**

## പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങൾ

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. വി.പി.സജീന്ദ്രൻ

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസറായിരുന്ന ശ്രീ. രാജമാണിക്യം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; | (എ)പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസറായിരുന്ന ശ്രീ. രാജമാണിക്യം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സ്വാതന്ത്ര്യാനന്തരം നിലവിൽ വന്ന കേരള സർക്കാർ നൽകിയിട്ടുള്ള പാട്ട ഭൂമികളിലല്ല സ്പെഷ്യൽ ഓഫീസർ നടപടികൾ സ്വീകരിച്ച് വരുന്നത്. എന്നാൽ 30/12/2015 ലെ സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിന് മുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്നതും, സ്വാതന്ത്ര്യാന്തരം ഉപേക്ഷിച്ച് പോയതുമായ ഭൂമികൾ, നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമികൾ കണ്ടെത്തി, കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് വേണ്ടിയാണ് സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുള്ളത്. സംസ്ഥാനത്ത് തോട്ടം മേഖലയിൽ സ്വാതന്ത്ര്യത്തിന് മുൻപ് ബ്രിട്ടീഷ് പൗരൻമാരും, കമ്പനികളും കൈവശം വച്ചിരുന്ന ഇത്തരം സർക്കാർ ഭൂമി കേരള ഭൂസംരക്ഷണനിയമ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നതോടൊപ്പം, ടി സർക്കാർ ഭൂമി നിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കുന്നതിനാവശ്യമായ വസ്തുതകൾ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ & കളക്ടർ 04/06/2016 ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നത്. ടി റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | ഈ റിപ്പോർട്ട് സംബന്ധിച്ച് നിയമവകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണ് എന്ന് വെളിപ്പെടുത്താമോ; | (ബി)ഇല്ല. |
| (സി) | വൻകിട തോട്ടങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോടതി ഉത്തരവ് ഉണ്ടോ ; നിയമവകുപ്പിന്റെ ഉപദേശം കോടതി ഉത്തരവിന് വിരുദ്ധമാണോ; | (സി) ഹാരിസണ്‍സ് മലയാളം ലിമിറ്റഡ് അവരിൽ നിന്നും ഭൂമി ലഭിച്ചവരും മറ്റുള്ളവരും കൈവശം വയ്ക്കുന്ന 38170.92 ഏക്കർ ഭൂമി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിൽനിന്നും ഏറ്റെടുക്കുന്നതിനെതിരെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് ഹർജികളിൽ ഹൈക്കോടതി 25.11.2015-ൽ റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പീരുമേട്ടിലെ ആർ.ബി.ടി. എസ്റ്റേറ്റ് ഏറ്റെടുക്കാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി)പീരുമേട്ടിലെ ആർ.ബി.ടി.യുടെ എസ്റ്റേറ്റ് ഏറ്റെടുത്തുകൊണ്ട് ജി.എൽ.ആർ(എൽ.ആർ)-89/2016 തീയതി 28/6/2017 നമ്പർ നടപടി ക്രമം പ്രകാരം സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവിനെതിരെ ടി കമ്പനി ബഹു.ഹൈക്കോടതിയിൽ നിന്നും W.P(C)24975/2017, 25066/17 എന്നീ നമ്പരുകളിലായി ഇടക്കാല സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ